II.ഇ.ബി. XII--കേരള നിയമസഭ/VI- 3

**പന്ത്രണ്ടാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 സെപ്റ്റംബർ 6, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

17 (*61) അശരണരായ വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, വയോജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി സാമൂഹ്യക്ഷേമ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 15 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. . സന്നദ്ധ സംഘടനകൾ നടത്തുന്ന 152 വൃദ്ധ സദനങ്ങൾക്ക് സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകിവരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ സംയോജിത വയോജന പരിപാടിയനുസരിച്ച് വൃദ്ധസദനങ്ങൾ, വൃദ്ധർക്കുവേണ്ടിയുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ, മൊബൈൽ മെഡികെയർ യൂണിറ്റുകൾ എന്നിവ നടത്തുന്നതിന് സന്നദ്ധ സംഘടനകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ ഗ്രാന്റ് നൽകുന്നുമുണ്ട്. മക്കൾ നോക്കാനില്ലാത്തതുമൂലം കഷ്ടതയനുഭവിക്കുന്ന വൃദ്ധമാതാപിതാക്കളുടെ വ്യക്തമായ വിവരം ലഭ്യമാക്കുന്നതിനുള്ള

സംവിധാനങ്ങൾ നിലവിലില്ല. ഇതിനുമുമ്പ് സർവ്വേകളോ കണക്കെടുപ്പോ നടന്നിട്ടില്ല. ആരും സംരക്ഷിക്കുവാനില്ലാത്ത വയോജനങ്ങൾക്കായി വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ സന്നദ്ധ സംഘടനകൾക്ക് പ്രോത്സാഹനം നൽകുന്നതിനും ഓരോ ബ്ലോക്ക് പഞ്ചായത്തിലും പാവപ്പെട്ടവർക്കുവേണ്ടി വൃദ്ധസദനം സ്ഥാപിക്കുന്നതിനും നിലവിലുള്ള വദ്ധമന്ദിരങ്ങളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും നിലവാരം ഉയർത്തുന്നതിനും ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജീവസന്ധാരണത്തിന് സ്വന്തം നിലയിൽ മാർഗ്ഗമില്ലാത്ത മാതാപിതാക്കളെ പരിചരിക്കുന്നതിന് അവരുടെ വേണ്ടത്ര വരുമാനമുള്ള മക്കളെ ബാധ്യസ്ഥരാക്കുന്ന ക്രിമിനൽ നടപടിക്രമം 1973-ലെ 125-ാം വകുപ്പുപ്രകാരമുള്ള കേസ്സുകൾ സമയബന്ധിതമായി തീർപ്പുകൽപിക്കാൻ സർക്കാർ ശ്രദ്ധിക്കുന്നതാണെന്നും വൃദ്ധമാതാപിതാക്കളുടെ പരിപാലനം, സംരക്ഷണം, പരിരക്ഷ എന്നിവ നിർബന്ധമായും മക്കളുടെ കർത്തവ്യമാക്കിക്കൊണ്ട് പാർലമെന്റിന്റെ മുന്നിലുള്ള ബിൽ നിയമമാക്കുന്ന മുറയ്ക്ക് അത് കേരളത്തിൽ സത്വരമായി നടപ്പിലാക്കുന്നതാണെന്നും സംസ്ഥാന വയോജന നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഏകദേശം 6.7 ലക്ഷം വൃദ്ധജനങ്ങളുണ്ടെന്നാണ് സർവ്വേ വ്യക്തമാക്കുന്നത്. വലിയ സാമൂഹ്യപ്രശ്നമായി മാറിക്കൊണ്ടിരിക്കുന്ന വൃദ്ധജനങ്ങളുടെ പരിപാലനം സംബന്ധിച്ച് പാർലമെന്റിൽ നിയമം വന്നുകഴിഞ്ഞാൽ അതിലെ വ്യവസ്ഥകൾ കൂടി കണക്കിലെടുത്ത് കേരളത്തിലും അത്തരത്തിലൊരു നിയമം നടപ്പാക്കാൻ കഴിയുന്നതാണ്. വൃദ്ധജനങ്ങളുടെ ക്ഷേമകാര്യത്തിൽ പ്രാദേശിക ഗവൺമെന്റുകൾ മുൻകൈ എടുക്കുന്നത് കൂടുതൽ

നന്നായിരിക്കും. ഗവൺമെന്റ് മേഖലയിലുള്ള വൃദ്ധസദനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വെൽഫെയർ കമ്മിറ്റിയുണ്ടാക്കണമെന്ന് ഗവൺമെന്റും സാമൂഹ്യക്ഷേമ വകുപ്പും നിഷ്ക്കർഷിച്ചിട്ടുണ്ട്. വൃദ്ധരും അശരണരുമായവരെ സംരക്ഷിക്കുന്നതിന് ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ സ്ഥാപനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. അത്തരം സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് സഹായം നൽകുന്നതിന് ശ്രമിക്കുന്നതാണ്. സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ പ്രായാധിക്യമുള്ളവരെ സംരക്ഷിക്കുന്നതിനായി ഇലപ്പുള്ളി പഞ്ചായത്തിൽ നടപ്പിലാക്കിയ പകൽവീട് മാതൃകയാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് പകൽ വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഈ രംഗത്തെ സ്വകാര്യ വ്യക്തികളുടേയും സന്നദ്ധ സംഘടനകളുടേയും രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ട്. രജിസ്റ്റർ ചെയ്യാത്തവയെ നിയമവിധേയമായി എങ്ങനെ സഹായിക്കാമെന്നുള്ളത് പരിശോധിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആശുപത്രികളിൽ കഴിയുന്ന പ്രായാധിക്യമുള്ള ആളുകളുടെ പരിചരണത്തിന് കൂടുതൽ ശ്രദ്ധ നൽകുകയും അവർക്ക് ഭക്ഷണം, മരുന്ന്, പെൻഷൻ തുടങ്ങിയവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന പ്രായാധിക്യമുള്ള ആളുകൾ ക്യൂ നിൽക്കുന്ന അവസ്ഥയുണ്ടാകരുതെന്നുള്ളത് കേരളത്തിൽ നടപ്പിലാക്കാൻ പോകുന്ന വയോജന നയത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. കേരളത്തിലെ ജില്ലാ/താലൂക്ക് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന പ്രായാധിക്യമുള്ള ആളുകളെ എങ്ങനെ പ്രത്യേകമായി

പരിഗണിക്കാമെന്നുള്ളത് വയോജന നയം നടപ്പിലാക്കുന്നതോടുകൂടി വളരെ ഗൗരവമായി ആലോചിക്കുന്നതാണ്. വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വൃദ്ധരായ രക്ഷാകർത്താക്കളെ പരിപാലിക്കുന്ന കാര്യത്തിൽ യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിന് സാമൂഹ്യ ക്ഷേമ വകുപ്പ് മുൻകൈ എടുക്കുന്നതാണ്. വരുമാനമില്ലാത്തവർക്ക് 18 വയസ്സ് കഴിഞ്ഞ ആൺമക്കളുണ്ടെങ്കിലും വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്നതിനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റ് കൂടി ചിന്തിക്കേണ്ടതുണ്ട്. വാർദ്ധക്യകാല പെൻഷൻ ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ വാർദ്ധക്യകാല പെൻഷനുവേണ്ടി കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിഗണിക്കുന്ന കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്. മെഡിക്കൽ കോളേജ് ആശുപത്രികളിലും മാനസികാരോഗ്യ ആശുപത്രികളിലും ചികിത്സ കഴിഞ്ഞെത്തുന്ന അശരണരായവരെ പരിപാലിക്കുന്നതിനായി പ്രത്യേക കേന്ദ്രം സംസ്ഥാനത്തുണ്ടാകേണ്ടതുണ്ട്. പ്രായാധിക്യമുള്ള അശരണരായവരെ താമസിപ്പിക്കുന്നതിനായി കേരളത്തിൽ ഒന്നുരണ്ടു സ്ഥലങ്ങളിലെങ്കിലും എല്ലാ സൗകര്യങ്ങളോടുംകൂടിയുള്ള വൃദ്ധജനക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ആരും നോക്കാനില്ലാതെ വിഷമിക്കുന്ന വൃദ്ധജനങ്ങളിൽ കൂടുതലും സ്ത്രീകളും വിധവകളുമാണ്. വൃദ്ധജനക്ഷേമ ബോർഡ് പ്രാവർത്തികമാക്കാൻ കഴിയുമോ എന്നുള്ളതും സഹകരണവകുപ്പിന്റെകൂടി സഹായത്തോടെ ഇത്തരം സ്ഥാപനങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നുള്ളതും ചർച്ച ചെയ്യുന്നതാണ് പള്ളുരുത്തി മണ്ഡലത്തിലെ തേവര വൃദ്ധസദനത്തിന്റെ വികസനം സംബന്ധിച്ചും ചാക്ക

കെയർഹോമിന്റെയും ചേർത്തല വൃദ്ധസദനത്തിന്റെയും ശോച്യാവസ്ഥ സംബന്ധിച്ചും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

18 (*62) നഗരമാലിന്യ സംസ്ക്കരണം

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, കേന്ദ്ര പരിസ്ഥിതി വനം വകുപ്പ് മന്ത്രാലയത്തിന്റെ 2000-ലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനം, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരം ഒരു കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ സംവിധാനം ഒരുക്കുവാനാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളോട് നിഷ്ക്കർഷിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മാലിന്യ പ്രശ്നം രൂക്ഷമായ നഗരസഭകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണരീതികൾ കൂടി അവലംബിക്കുവാൻ പ്രോൽസാഹനം നൽകിവരുന്നു. വീടുകളിൽ ചെയ്യാവുന്ന മണ്ണിര കമ്പോസ്റ്റ്, ബയോഗ്യാസ് നിർമ്മാണം, സ്ഥാപനങ്ങൾ, കല്യാണമണ്ഡപങ്ങൾ, മാർക്കറ്റ്, അറവുശാലകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയാണ് ഇത്തരത്തിൽ പ്രോൽസാഹിപ്പിച്ചുവരുന്നത്. വർദ്ധിച്ച തോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്കും കെട്ടിടസമുച്ചയങ്ങൾക്കും അവയുടെ കോമ്പൗണ്ടിൽത്തന്നെ മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം നിശ്ചിതപരിധിക്കുള്ളിൽ ഉണ്ടാക്കുവാൻ നിർദ്ദേശിക്കും. എന്നാൽ പുതുതായി നിർമ്മിക്കുന്ന വൻകിട ഫ്ളാറ്റുകൾക്കും സ്ഥാപനങ്ങൾക്കും അവിടെ ഉൽപ്പാദിപ്പിക്കുന്ന ഖരദ്രവമാലിന്യ പരിപാലനത്തിന് സംവിധാനം

ഉൾപ്പെടുത്തണമെന്ന് പരിഷ്ക്കരിക്കുന്ന കെട്ടിട നിർമ്മാണ ചട്ടത്തിൽ നിഷ്ക്കർഷിക്കാൻ ഉദ്ദേശിക്കുന്നു. ഇത്തരം സ്ഥാപനങ്ങളിൽ സംസ്ക്കരണ സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മറ്റ് സംസ്ഥാനങ്ങളിൽ പരീക്ഷിച്ച് നടപ്പിലാക്കിയ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ അതേപടി പ്രാവർത്തികമാക്കാൻ വർദ്ധിച്ച തോതിലുള്ള സ്ഥലം അനിവാര്യമാണ്. നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും മാലിന്യ സംസ്ക്കരണത്തിന് സ്ഥലം ലഭ്യമാക്കുക വളരെ ദുഷ്കരമായ പ്രവർത്തിയാണ്. വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിലൂടെ കേന്ദ്രീകൃത സംസ്കരണശാലയ്ക്കുവേണ്ട സ്ഥലം പരമാവധി കുറയ്ക്കാവുന്നതും പരിസര മലിനീകരണം ലഘൂകരിക്കാവുന്നതുമാണ്. ഇതിനായുള്ള അവബോധ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തികൾക്ക് രൂപം നൽകി:

2006 ഒക്ടോബർ 2 മുതൽ മാലിന്യവിമുക്ത കേരളം പരിപാടിക്ക് തുടക്കം കുറിച്ചു;

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാലിന്യ സർവ്വേയും കരട് സമീപന രേഖയും തയ്യാറാക്കി;

14 ജില്ലകളിലും ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ച് പരിശീലനം നൽകി;

പാഴ്വസ്തുക്കളുടെ പരിപാലനം എന്ന കൈപുസ്തകം തയ്യാറാക്കി വികേന്ദ്രീകരണ മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിച്ചുവരുന്നു;

ബെസ്റ്റ് പ്രാക്ടീസ് ഉൾപ്പെടുത്തി ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിന് ക്ലീൻകേരള മിഷൻ വെബ്സൈറ്റിന് രൂപം നൽകി;

'ശുചിത്വ കേരളം സുന്ദര കേരളം' എന്ന ആശയം പ്രചരിപ്പിക്കുന്നതിനും 'മനോഭാവ-ശീല' മാറ്റങ്ങൾക്കുമായി 1 മുതൽ 10 വരെ ക്ലാസ്സുകളിലെ സ്കൂൾ കുട്ടികൾക്കുവേണ്ടി ഒരു കരിക്കുലം തയ്യാറാക്കുകയും അതിന് കരിക്കുലം കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു;

എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടികളിൽ പങ്കെടുക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

കേന്ദ്രഗവൺമെന്റിന്റെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനം, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ ഉറവിടത്തിൽതന്നെ മാലിന്യം തരംതിരിച്ച് ശേഖരിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുപ്രകാരം ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞ 23 നഗരസഭകളിലും തരംതിരിച്ചുള്ള മാലിന്യ ശേഖരണം നടത്തുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ ഉൾപ്പെടെയുള്ള സംവിധാനമാണ് ഉപയോഗിച്ചുവരുന്നത്. ഓരോ പഞ്ചായത്തും നഗരസഭയും അവയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ മാലിന്യ വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം. അതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. അതിന്റെ ഭാഗമായി സംസ്ഥാനതലം മുതൽ പഞ്ചായത്തുകളിലെ വാർഡ്തലം

വരെ കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ മേൽനോട്ടത്തിൽ ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. പല പഞ്ചായത്തുകളിലും ഖരമാലിന്യ സംസ്കരണത്തിനുവേണ്ടി വലിയ പദ്ധതികൾ നടപ്പാക്കുന്നതിന് സാമ്പത്തിക വിഷമം നേരിടുന്നതുകൊണ്ടാണ് വികേന്ദ്രീകൃതമായി അവ സംസ്കരിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചു വരുന്നത്. വലിയ സാമ്പത്തിക ബാധ്യതയില്ലാതെ ഇടത്തരം വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. പട്ടണങ്ങളിൽ ഖരമാലിന്യം ഒന്നിച്ചു സംസ്ക്കരിക്കുന്നതിനായി വലിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് സെപ്റ്റംബർ 15-ഓടുകൂടി പ്ലാസ്റ്റിക് വിപത്തിനെതിരായ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. 50 മൈക്രോൺവരെയുള്ള പ്ലാസ്റ്റിക്കുകൾ നിരോധിക്കുന്നതിന് അനുകൂലമായ കോടതിവിധിയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആവശ്യമായ ബോധവൽക്കരണം സംഘടിപ്പിച്ച് ജനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യത്തിന് പരിഹാരം കാണാൻ കഴിയുമെന്നാണ് കരുതുന്നത്. കോഴിക്കോട്, തിരുവനന്തപുരം തുടങ്ങിയ പ്രദേശങ്ങളിലെ പ്ലാന്റുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ജൈവവളം വേണ്ടരീതിയിൽ വിറ്റഴിക്കപ്പെടാത്തതിനാൽ കൃഷി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടും തദ്ദേശ ഭരണ സ്ഥാപനങ്ങൾവഴിയും കാർഷിക പദ്ധതികൾക്ക് ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചാലക്കുടി മുനിസിപ്പാലിറ്റിയിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആ പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ജനങ്ങളുടെ ആശങ്ക ദൂരീകരിച്ച് പ്ലാന്റിന്റെ

പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

19 (*72) സമാന്തര സർവ്വീസ് നിയന്ത്രണ നടപടികൾ

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, തിരുവനന്തപുരം സിറ്റിയിൽ 10.8.2007 മുതൽ അനധികൃത സർവ്വീസുകൾക്ക് പരിപൂർണ്ണ നിരോധനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി നഗരത്തിലേയ്ക്ക് വരുന്ന അത്തരം സർവ്വീസുകൾ തടയുന്നതിനായി മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, കെ.എസ്.ആർ.ടി.സി. എന്നിവർ സംയുക്തമായി പരിശോധനകൾ നടത്തുന്നുണ്ടെന്നറിയിച്ചു. ഇത്തരം പരിശോധനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് കെ.എസ്.ആർ.ടി.സി. സി.എം.ഡി. കോർഡിനേറ്ററായും അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, സിറ്റി പോലീസ് കമ്മീഷണർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ നിയന്ത്രണം ഏർപ്പെടുത്തിയ എല്ലാ പ്രദേശങ്ങളിലും യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസുകൾ നടത്തുകയും എല്ലാ പ്രധാനപ്പെട്ട ബസ് സ്റ്റോപ്പുകളിലും യാത്രക്കാരെ സഹായിക്കാനായി ഇൻസ്പെക്ടർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ 10.8.2007 മുതൽ ഇതു് കർക്കശമാക്കിയത് വഴി 31.8.2007 വരെ ഒരു കോടി അറുപത്തിയൊന്ന് ലക്ഷം രൂപയുടെ അധിക വരുമാനം ലഭിക്കുകയുണ്ടായി.

20 (*77) തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത വിനിയോഗം

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കഴിഞ്ഞ വർഷം 1400 കോടി രൂപയുടെ പദ്ധതി വിഹിതത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ 1215.42 കോടി രൂപ (87 ശതമാനം) ചെലവഴിച്ചിട്ടുണ്ടെന്നറിയിച്ചു.

21 (*81&*88) പകർച്ചപ്പനിയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് പകർച്ചപ്പനി പടർന്നുപിടിച്ചതു സംബന്ധിച്ച് വിവിധ കേന്ദ്ര സ്ഥാപനങ്ങൾ രോഗകാരിയായ വൈറസ്, രോഗം പരത്തുന്ന മാർഗ്ഗം (കൊതുക്), രോഗത്തിന്റെ (പനി) സ്വഭാവം എന്നിവയെ അടിസ്ഥാനമാക്കി ഗവേഷണം നടത്തിയിട്ടുണ്ടെന്നറിയിച്ചു. ഇതിനുപുറമേ കോട്ടയം, തിരുവനന്തപുരം മെഡിക്കൽകോളേജുകൾ പകർച്ചപ്പനി സംബന്ധിച്ച് ഗവേഷണം നടത്തിയിട്ടുണ്ട്. കോട്ടയം മെഡിക്കൽകോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ പനിബാധിച്ച പ്രദേശത്തെ 770 കുടുംബങ്ങളിൽ 3276 ആളുകളെ ഉൾപ്പെടുത്തിയുള്ള പഠനമാണ് നടത്തിയത്. ചിക്കുൻഗുനിയ പ്രതിരോധത്തിനായി കേന്ദ്ര സർക്കാർ 2.205 കോടി രൂപ ധനസഹായം നൽകുകയും ഇതു സംബന്ധിച്ച പഠനത്തിനായി വിവിധ ഏജൻസികളെ അയയ്ക്കുകയും സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തതിനു പുറമേ എൻ.ഐ.വി.യുടെ ഒരു ഫീൽഡ് സ്റ്റേഷൻ ആലപ്പുഴയിൽ

ആരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പകർച്ചപ്പനി (ചിക്കുൻഗുനിയ/ഡെങ്കിപ്പനി/എലിപ്പനി) ബാധിച്ച് മരണമടഞ്ഞ 327 പേരുടെ കുടുംബങ്ങൾക്ക് 25000 രൂപ വീതം സാമ്പത്തിക സഹായം നൽകാൻ ഉത്തരവായിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

13 (421 & 426) <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണം</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കുമായി 205 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 430 ഗ്രാമ പഞ്ചായത്തുകൾക്കും 148 ബ്ളോക്ക് പഞ്ചായത്തുകൾക്കും 13 ജില്ലാ പഞ്ചായത്തുകൾക്കും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകിക്കഴിഞ്ഞു. ബാക്കി പഞ്ചായത്തുകൾ ഉപകരണങ്ങൾ നേരിട്ട് വാങ്ങുകയാണ് ചെയ്തത്. അവർക്ക് സോഫ്റ്റ്വെയർ മാത്രം ഇൻഫർമേഷൻ കേരള മിഷൻ ലഭ്യമാക്കുന്നു. ഇവയ്ക്ക് ആവശ്യമായ തുക ഐ.കെ.എം. ഫണ്ടിൽ നിന്നും ലഭ്യമാക്കുകയാണ് പ്രാരംഭത്തിൽ ചെയ്തത്. തുടർന്ന് ഇതിലേയ്ക്ക് ചെലവായ തുക പഞ്ചായത്തുകൾ ഐ.കെ.എം.-ന് നൽകിവരുന്നു. 304 ഗ്രാമ പഞ്ചായത്തുകൾ, 64 ബ്ളോക്ക് പഞ്ചായത്തുകൾ, 11 ജില്ലാ പഞ്ചായത്തുകൾ എന്നിവ മാത്രമാണ് ഐ.കെ.എം.-ന് തുക ഇതുവരെ നൽകിയിട്ടുള്ളത്.

14 (431) <u>ഹരിയാലി പദ്ധതി</u>

സംസ്ഥാനത്ത് ഇതുവരെയായി ഹരിയാലി പദ്ധതിയിൽ 26 പ്രോജക്ടുകൾ അനുവദിച്ചിട്ടുണ്ട്.

15 (440) <u>ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി</u>

ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് ഡോ: എ. അച്ചുതൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. നടപ്പു സാമ്പത്തികവർഷംതന്നെ പദ്ധതി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

16 (446) <u>കേന്ദ്ര സർക്കാരിന്റെ തൊഴിലുറപ്പ് പദ്ധതി</u>

കേന്ദ്ര സർക്കാരിന്റെ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തെ വയനാട്, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിക്ക് 2006-2007 വർഷത്തിൽ കേന്ദ്ര സംസ്ഥാന വിഹിതമായി 3657.91 ലക്ഷം രൂപയാണ് ആകെ ലഭിച്ചിട്ടുള്ളത്. ഇതിൽ 2007 മാർച്ച് മാസം 31-ാം തീയതിവരെ 2789.73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

17 (462) <u>ഗ്രാമീണ സഡക് യോജന പദ്ധതി</u>

ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം റോഡുകൾ നിർമ്മിക്കുന്നതിന് 2006-07 സാമ്പത്തികവർഷം 15 കോടി രൂപ കേന്ദ്ര സഹായമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. 2007-08 സാമ്പത്തിക

വർഷത്തിൽ 294.20 കോടി രൂപയുടെ പ്രോജക്ടുകൾക്കാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

18 (464) <u>കുടുംബശ്രീ യൂണിറ്റുകൾ</u>

31.07.2007 വരെ സംസ്ഥാനത്തൊട്ടാകെ 183362 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ 3625901 കുടുംബങ്ങൾ അംഗങ്ങളായുണ്ട്.

19 (486) <u>കെ.എസ്.ആർ.ടി.സി. പുതുതായി വാങ്ങുന്ന ബസ്സുകൾ</u>

കെ.എസ്.ആർ.ടി.സി. 1000 ബസ്സുകൾ പുതുതായി വാങ്ങുവാൻ നടപടി എടുത്തുകഴിഞ്ഞു. 20 എ.സി. ബസ്സുകൾ ബോഡി നിർമ്മിച്ച് ടാറ്റാ കമ്പനിയിൽ നിന്നും നേരിട്ടും ബാക്കി 980 ബസ്സുകൾക്ക് ചേസിസുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷോപ്പുകളായ ആലുവ, ഇടപ്പാൾ, കോഴിക്കോട്, മാവേലിക്കര, സെൻട്രൽ വർക്സ് പാപ്പനംകോട് തുടങ്ങിയവയിൽ വച്ച് ബോഡി നിർമ്മിക്കുന്നതിനുമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

20 (519) <u>പാവപ്പെട്ടവർക്കുള്ള ചികിൽസാ സഹായം</u>

ഈ സർക്കാർ അധികാരമേറ്റശേഷം സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി പ്രകാരം ആകെ 1285 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

21 (604) <u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്</u>

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പുതിയ അണക്കെട്ട് നിർമ്മിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പ്രാഥമിക റിപ്പോർട്ട് പ്രകാരം പുതിയ ഡാമിന്റെ നിർമ്മാണത്തിന് ഏകദേശം 216 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.